# മുഷ്താഖ് അവാർഡ്
# ഗിരീഷിനും ശശിക്കും

**കോഴിക്കോട്:** കാലിക്കറ്റ് പ്രസ്സ് ക്ലബിന്റെ മുഷ്താഖ് സ്പോർട്സ് ജേണലിസം അവാർഡിന് മാതൃഭൂമി സബ് എഡിറ്റർ ആർ. ഗിരീഷ് കുമാറും മുഷ്താഖ് സ്പോർട്സ് ഫോട്ടോ അവാർഡിന് ചന്ദ്രിക കണ്ണൂർ ഫോട്ടോഗ്രാഫർ കെ. ശശിയും അർഹരായി. പ്രമുഖ കളിയെഴുത്തുകാരൻ പി.എ. മുഹമ്മദ് കോയ എന്ന മുഷ്താഖിന്റെ സ്മരണക്കായി കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷൻ (കെ.ഡി.എഫ്.എ.) ഏർപ്പെടുത്തിയ അവാർഡുകൾ 5,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ്.

മാതൃഭൂമിയിൽ 2008 സെപ്തംബർ 27 മുതൽ ഒക്ടോബർ ഒന്നു വരെ പ്രസിദ്ധീകരിച്ച 'വിവാദത്തിന്റെ പിച്ചിൽ കേരളാ ക്രിക്കറ്റ്' എന്ന പരമ്പരയാണ് ഗിരീഷിനെ അവാർഡിനർഹനാക്കിയത്. മാതൃഭൂമി കോഴിക്കോട് യൂണിറ്റിൽ ജോലി ചെയ്യുന്ന ഗിരീഷിന് ലഭിക്കുന്ന പ്രഥമ പുരസ്കാരമാണിത്. ഭാര്യ ദിവ്യ വി. നായർ. മകൻ ഋതുശേഖർ. കാലിക്കറ്റ് സർവകലാശാല മുൻ ഫുട്ബോൾ കോച്ച് സി.പി.എം. ഉസ്മാൻ കോയ, കേരള ഫുട്ബോൾ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് എം.ഇ.ബി. കുറുപ്പ്, പ്രശസ്ത കളിയെഴുത്തുകാരൻ ഭാസി മലാപ്പറമ്പ് എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ നിശ്ചയിച്ചത്.

ചന്ദ്രികയിൽ 2008 നവംബർ 17-ന് പ്രസിദ്ധീകരിച്ച 'നിഴൽപ്പയറ്റ്' എന്ന ചിത്രമാണ് കെ. ശശിയെ അവാർഡിനർഹനാക്കിയത്. കണ്ണൂർ ജില്ലാ കളരിപ്പയറ്റ് അസോസിയേഷൻ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് കണ്ണൂരിൽ സംഘടിപ്പിച്ച കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിലെ ചിത്രമായിരുന്നു ഇത്. പ്രശസ്ത ചിത്രകാരൻ പോൾ കല്ലാനോട്, കാലിക്കറ്റ് സർവകലാശാല മാധ്യമ വിഭാഗം മേധാവി സുചേതാ നായർ, പ്രമുഖ ഫോട്ടോഗ്രാഫർ പി. വിശ്വനാഥൻ എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. ബീനയാണ് ഭാര്യ. മകൻ ആദിത്യൻ.

കോഴിക്കോട്
28.04.2009

**കമാൽ വരദൂർ**
സെക്രട്ടറി